(സി) കലാലയങ്ങളിലും യുവാക്കൾ പങ്കെടുക്കുന്ന സെമിനാറുകളിലും അതാത് ജില്ലകളിൽ നിന്ന് നിയോഗിക്കപ്പെട്ടവർ ക്ലാസ്സുകൾ എടുക്കുകയും ഇന്റർനെറ്റ്, പത്രമാധ്യമങ്ങൾ ഇവയിലൂടെ പരസ്യങ്ങൾ നൽകുകയും മേഖലാടിസ്ഥാനത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്. ഈ പ്രവർത്തനങ്ങളിലൂടെ സംരംഭകരാകാൻ മുന്നോട്ട് വരുന്നവർക്ക് ആവശ്യമായ പരിശീലനം ജില്ലാടിസ്ഥാനത്തിൽ നൽകുന്നുണ്ട്.

ശമ്പള പരിഷ്കരണ കമ്മീഷൻ

106(2094) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ കമ്മീഷന്റെ കാലാവധി എത്ര തവണ നീട്ടി നൽകിയെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(ബി) കമ്മീഷൻ എപ്പോൾ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുമെന്ന് പറഞ്ഞിട്ടുണ്ടോ ;

(സി) ശമ്പള പരിഷ്കരണ നടപടികൾ പൂർത്തിയാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കി എന്ന് സർക്കാർ ഉത്തരവിറക്കുമെന്നും പറയാമോ ?

ഉത്തരം

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ 30-11-2013 തീയതിയിലെ സ.ഉ.(കൈ) നമ്പർ 583/2013/ധന. ഉത്തരവ് പ്രകാരം നിലവിൽവന്നു. 12-6-2014 തീയതിയിലെ സ.ഉ.(കൈ) നമ്പർ 218/2014/ധന. ഉത്തരവിലൂടെ കമ്മീഷന്റെ പ്രവർത്തനം 4-12-2014 വരെയും 29-11-2014 തീയതിയിലെ സ.ഉ.(കൈ) നമ്പർ 521/2014/ധന. പ്രകാരം 30-6-2015 വരെയും ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ബി) പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനം അതിന്റെ അന്തിമ ഘട്ടത്തിലാണ്. റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ ത്വരിതഗതിയിൽ പ്രവർത്തനം നടന്നുവരുന്നു.

(സി) കാലതാമസം ഒഴിവാക്കി ശമ്പളകമ്മീഷൻ റിപ്പോർട്ട് ഉടൻതന്നെ സർക്കാരിന് സമർപ്പിക്കുന്നതാണ്. അതിനുശേഷം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ശമ്പള പരിഷ്കരണം

107(2095) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന ശമ്പള പരിഷ്കരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് നാളിതുവരെ ഉദ്യോഗസ്ഥ പ്രവർത്തനങ്ങൾക്കും മറ്റു പ്രവൃത്തികൾക്കുമായി കമ്മീഷൻ പ്രഖ്യാപനത്തിനു ശേഷം ഓരോ വർഷവും സർക്കാർ ഖജനാവിൽനിന്നും ചെലവായ തുക എത്ര ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ശമ്പള കമ്മീഷൻ ചെയർമാൻ ഇക്കാലയളവിൽ ഓരോവർഷവും ശമ്പളകമ്മീഷൻ, മറ്റു ഔദ്യോഗിക പ്രവർത്തനങ്ങൾ എന്നിവയിൽനിന്നും സ്വീകരിച്ച സാമ്പത്തിക ആനുകൂല്യങ്ങൾ എത്ര എന്നു വ്യക്തമാക്കുമോ ;

(സി) നാളിതുവരെയുള്ള ശമ്പള കമ്മീഷൻ പ്രവർത്തനം എന്തെല്ലാം എന്നും പ്രസ്തുത കമ്മീഷൻ ഓഫീസ് എവിടെയെല്ലാം പ്രവർത്തിച്ചു എന്നും സ്ഥിരമായ ഒരു ഓഫീസ് കമ്മീഷന് ലഭിക്കാത്തതുമൂലം റിപ്പോർട്ട് അവതരണത്തിന് എന്തെങ്കിലും തടസ്സമുണ്ടായോ എന്നും അതിനു കാരണക്കാർ ആരെല്ലാം എന്നു വ്യക്തമാക്കുമോ ;

(ഡി) കമ്മീഷൻ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായസഹകരണങ്ങൾ ഗവൺമെന്റും ധനവകുപ്പും യഥാസമയം നൽകിയോ എന്നും ഇല്ലെങ്കിൽ ഇതിനു കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാം എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ശമ്പള പരിഷ്കരണ കമ്മീഷൻ പ്രവർത്തനങ്ങൾക്കായി 2014-15 സാമ്പത്തിക വർഷത്തിൽ ശമ്പള ഇനത്തിൽ 95,15,120 രൂപയും ശമ്പളേതര ഇനത്തിൽ 19,32,629 രൂപയും നടപ്പു സാമ്പത്തിക വർഷം നാളിതുവരെ ശമ്പള ഇനത്തിൽ 25,44,148 രൂപയും ശമ്പളേതര ഇനത്തിൽ 5,49,211 രൂപയും ചെലവായിട്ടുണ്ട്. (വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്).* 2013-14 സാമ്പത്തിക വർഷം കമ്മീഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചെലവുകളൊന്നും ഉണ്ടായിട്ടില്ല. ഇക്കാലയളവിൽ ചെയർമാൻ കമ്മീഷനിൽനിന്ന് ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി യഥാക്രമം 9,16,434 രൂപയും 1,51,207 രൂപയും കൈപ്പറ്റിയിട്ടുണ്ട്.

(സി) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ 30-11-2013 തീയതിയിലെ സ.ഉ.(കൈ) നമ്പർ 583/2013/ധന. ഉത്തരവ് പ്രകാരം നിലവിൽവന്നു. കമ്മീഷൻ അതിന്റെ ചോദ്യാവലി പ്രസിദ്ധീകരിക്കുകയും തുടർന്ന് സംഘടനകൾ, വകുപ്പദ്ധ്യക്ഷൻമാർ, ഏഴാം കേന്ദ്ര ശമ്പള കമ്മീഷൻ എന്നിവരുമായി ചർച്ച നടത്തുകയുണ്ടായി. ആന്ധ്രാപ്രദേശ്, ഡൽഹി എന്നീ സംസ്ഥാനങ്ങളിൽ പഠനം നടത്തിയിട്ടുണ്ട്. ഇൻഷ്വറൻസ്, വിവരസാങ്കേതിക വിദ്യ, മാനവ വിഭവശേഷി വികസനം എന്നീ വിഷയങ്ങളിൽ അതതു മേഖലകളിലെ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിദഗ്ദ്ധരുടെയും വിദഗ്ധ ഏജൻസികളുടെയും സേവനം കമ്മീഷൻ തേടുകയുണ്ടായി. ഇതിന്റെ തുടർച്ചയായി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള അന്തിമ പ്രവർത്തനങ്ങളിലാണ് കമ്മീഷൻ ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നത്. 2014 ആഗസ്റ്റ് മാസം വരെ കമ്മീഷൻ സെക്രട്ടേറിയറ്റിലെ താല്ക്കാലിക ഓഫീസിലാണ് പ്രവർത്തിച്ചിരുന്നത്. അതിനുശേഷം നാളിതുവരെ കമ്മീഷൻ പ്രവർത്തിക്കുന്നത് നന്ദൻകോട് സ്വരാജ് ഭവനിൽ കമ്മീഷന് അനുവദിച്ച ഓഫീസിലാണ്. സ്ഥിരമായ ഓഫീസ് സംവിധാനം ലഭിക്കാനുണ്ടായ കാലതാമസംമൂലം കൃത്യമായ രീതിയിൽ ഓഫീസ് പ്രവർത്തനം ആരംഭിക്കാൻ താമസമുണ്ടായി.

(ഡി) കമ്മീഷന്റെ പ്രവർത്തനത്തിന് ആവശ്യമായ സഹായ സഹകരണങ്ങൾ ഗവൺമെന്റിൽ നിന്നും ധനകാര്യ വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക

108(2096) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര ; പ്ലാൻ നോൺപ്ലാൻ, ഉപധനാഭ്യർത്ഥന ഉൾപ്പെടെ വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ ;

(ബി)2014-15 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതത്തിന്റെ എത്ര ശതമാനം വീതം ഓരോ വകുപ്പും ചെലവഴിച്ചു; വിശദമാക്കുമോ;

(സി) 2014-15 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി ലഭിച്ച കേന്ദ്ര വിഹിതം എത്ര ; അതിൽനിന്നും വിവിധ പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചു ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) 2014-15 സാമ്പത്തിക വർഷം ഓരോ ധനാഭ്യർത്ഥനയുടേയും കീഴിൽ വിവിധ വകുപ്പുകൾക്കായി പദ്ധതി, പദ്ധതിയേതര ഇനത്തിൽ ഉപധനാഭ്യർത്ഥന ഉൾപ്പെടെ വകയിരുത്തിയ തുക, അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരമുള്ള ചെലവഴിച്ച തുകയുടെ ശതമാനത്തിലുള്ള കണക്ക് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രാഥമിക കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളിൽ നിന്നും 4950.84 കോടി രൂപ ധനസഹായമായി സംസ്ഥാനത്തിന് ലഭ്യമായതായി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly